# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 326

24.06.2013- ൽ മറുപടിക്ക്

## മറൈൻ ഹൈവേ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>,, തേറമ്പിൽ രാമകൃഷ്ണൻ :<br>,, പാലോട് രവി :<br>,, അൻവർ സാദത്ത് : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മറൈൻ ഹൈവേ യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികൾ തുറമുഖ വകുപ്പ് സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) | മറൈൻ ഹൈവേ യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>• തീരദേശ കപ്പൽ സർവ്വീസ് നടപ്പാക്കുന്നതിനുള്ള ഇൻസ്റ്റിട്യൂഷണൽ അറേഞ്ച്മെന്റായി, കേരള മാരിടൈം ബോർഡ് സ്ഥാപിക്കുന്നതിനുള്ള കരട് ബിൽ രാഷ്ട്രപതിയുടെ മുൻകൂർ അംഗീകാരം ലഭ്യമാക്കുന്നതിനായി അയച്ചിരുന്നു.<br>• ഇപ്പോൾ റോഡ്മാർഗ്ഗം കൈകാര്യം ചെയ്യപ്പെടുന്ന ചരക്കുകൾ ജലമാർഗ്ഗം ആക്കുന്നതിനുവേണ്ടി 3 തരത്തിലുള്ള ഇൻസെന്റീവ് സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. അതിൽ ചരക്ക് നീക്കത്തിനുള്ള ഇൻസെന്റീവിന് അംഗീകാരം നൽകിയിട്ടുണ്ട്. കപ്പൽ നിർമ്മിക്കുന്നതിനുള്ള ഇൻസെന്റീവ് പ്രൊപ്പോസലും പോർട്ട് ഡ്യൂസ് റിബേറ്റ് ചെയ്യുന്നതിനുള്ള പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ്.<br>• തീരദേശ കപ്പൽ സർവ്വീസ് നടത്തുന്നതിനായി മാനവശേഷിയുടെ വികസനത്തിന്റെ ഭാഗമായി 6 കോസ്റ്റൽ ഷിപ്പിംഗ് മാനേജർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് |

സംബന്ധിച്ച ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്

- ഹൈസ്പീഡ് മറൈൻ എക്സ്പ്രസ് ഹൈവേയ്ക്കായി കേരളതീരത്തുനിന്ന് 12 നോട്ടിക്കൽ മൈൽ അകലത്തിൽ അഴീക്കൽ മുതൽ വിഴിഞ്ഞം വരെയുള്ള കടൽപ്പാതയ്ക്കായി റൂട്ട് മാർക്ക് ചെയ്തിട്ടുണ്ട്.
- മത്സ്യബന്ധന ബോട്ടുകൾക്ക് യാതൊരുവിധ തടസ്സവും നേരിടാത്ത രീതിയിലാണ് റൂട്ട് മാർക്ക് ചെയ്തിരിക്കുന്നത്.
- കൊച്ചി-കൊല്ലം ഹൈവേയുടെ പ്രവർത്തനം ഉടൻ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.
- കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ആക്ഷൻ പ്ലാൻ, ബിസിനസ്സ് പ്ലാൻ എന്നിവ അംഗീകരിച്ചിട്ടുണ്ട്.
- കൊല്ലം തുറമുഖത്ത് ഒരു കണ്ടെയ്നർ ക്രെയിൻ വാങ്ങുന്നതിനും, വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ തുറമുഖങ്ങൾക്കു വേണ്ടി ഓരോ പൈലറ്റ് ബോട്ട് വാങ്ങുന്നതിനും സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.
- ഒരു പുതിയ 600 HP ശേഷിയുള്ള ടഗ്ഗ് കൊല്ലം തുറമുഖത്തിന് വേണ്ടി ജൂലൈ മാസത്തിൽ കമ്മീഷൻ ചെയ്യുന്നതാണ്.
- 40 ടൺ ശേഷിയുള്ള ഒരു ഫോർക്ക് ലിഫ്റ്റ് കമ്മീഷൻ ചെയ്തു,
- മറൈൻ ഹൈവേയുടെ ആദ്യ റൂട്ടായ കൊല്ലം-വല്ലാർപ്പാടം ചരക്കു ഗതാഗതം സാധ്യമാക്കാൻ KSMDC മുഖാന്തിരം കപ്പൽ ചാർട്ടർ ചെയ്യുവാനുള്ള എഗ്രമെന്റ് ഒപ്പുവച്ചിട്ടുണ്ട്.
- കൊല്ലം തുറമുഖത്തുനിന്നും കസ്റ്റംസ് ക്ലിയർ ചെയ്തു ചരക്ക് അയക്കുന്നതിനു കസ്റ്റംസിന്റെ സേവനം, പ്ലാന്റ് ക്വാറൺടൈൻ, എമിഗ്രേഷൻ എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിനു വേണ്ടി കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങൾക്കു നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

---

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) മറൈൻ ഹൈവേ വഴി ചരക്കു കൈകാര്യം ചെയ്യുന്നതിനു വേണ്ടി കൊല്ലം-വല്ലാർപ്പാടം മറൈൻ ചാർട്ട് തയ്യാറാക്കുകയും, കൊല്ലത്ത് നിന്നും ചരക്ക് ലഭ്യമാക്കാൻ സാധ്യതയുള്ള സ്ഥാപനങ്ങളുടെ ഒരു മീറ്റിംഗ് 1/2/13-ൽ കൊല്ലത്ത് വെച്ച് കൂടുകയും, ചരക്ക് നീക്കത്തിനുള്ള ഇൻസെന്റീവ് ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം വിതരണം ചെയ്യുകയും ചെയ്തു. കൊല്ലം വല്ലാർപാടം ഷിപ്പിംഗ് സർവ്വീസ് ഉടനെ തുടങ്ങുമെന്ന് വാഗ്ദാനം ചെയ്തിരുന്ന സ്വകാര്യകപ്പൽ സംരംഭകർ കപ്പൽ ലഭ്യമാക്കാത്തതിനെ തുടർന്ന്, കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖാന്തിരം കപ്പൽ ചാർട്ടർ സർവ്വീസ് തുടങ്ങാനുള്ള എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്.

(സി) കടൽ വഴിയുള്ള ചരക്കു ഗതാഗതത്തിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ;

(സി) കടൽ വഴിയുള്ള ചരക്ക് ഗതാഗതത്തിനു ഇൻസെന്റീവ്, കപ്പലുകളുടെ ലഭ്യത ഉറപ്പാക്കാനുള്ള ഇൻസെന്റീവ് സ്കീം (കോസ്റ്റൽ ഷിപ്പ് മേക്കിംഗിനുള്ള സർക്കാർ ധന സഹായം) തുറമുഖ ഫീസിലുള്ള ഇളവ്, തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും, തുറമുഖങ്ങളുടെ ആഴവും വർദ്ധിപ്പിക്കൽ, കേരള മാരിടൈം ബോർഡ് സ്ഥാപിക്കൽ എന്നീ കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) ഈ പദ്ധതിയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

- തീരദേശ കപ്പൽ ഗതാഗതം മുഖാന്തിരം സംസ്ഥാനത്തിനുണ്ടാകുന്ന ചരക്കു നീക്കത്തിന്റെ നേട്ടങ്ങൾ വിലയിരുത്താൻ ഡിലോയിറ്റിനെ കൺസൾട്ടന്റായി നിയോഗിക്കുകയും പ്രസ്തുത കൺസൾട്ടൻസിയുടെ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.
- കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്കുകൾ, മറൈൻ ഹൈവേ വഴി

നീക്കം ചെയ്തു റോഡിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനു വേണ്ടി മറൈൻ ഹൈവേ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

- കൊല്ലം തുറമുഖത്തെ തൊഴിൽ പ്രശ്നം പരിഹരിക്കുന്നതിനായി ഡോക്ക് വർക്കേഴ്സ് യൂണിയൻ നേതാക്കളുമായി തൊഴിൽ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ചകൾ നടത്തി.
- കൂടാതെ കൊല്ലം കലക്ട്രേറ്റിൽ വെച്ച് കൊല്ലം മേയറുടെയും, കൊല്ലം കലക്ടറുടെയും, തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും നേതൃത്വത്തിൽ യോഗം കൂടുകയുണ്ടായി.

സെക്ഷൻ ഓഫീസർ